റബ്ബർ വർക്സിൽ ഉൽപ്പാദിപ്പിച്ചുവരുന്ന സാധനങ്ങൾ.

* 1328. [7] ശ്രീ. തോമസ് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ റബ്ബർവർക്സിൽ ഉൽപ്പാദിപ്പിച്ചുവരുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനുള്ള ടെൻഡർ വിളിച്ചിരുന്നോ;

(ബി) എത്രപേർ ടെൻഡർ വച്ചു;

(സി) എന്തു നിരക്കിലുള്ളവർക്കാണ് ഏജൻസി നൽകിയത്;

(ഡി) കേരളത്തിലേക്ക് എത്ര ടെൻഡർ വച്ചിരുന്നു;

(ഇ) അവയുടെ നിരക്ക് എന്തായിരുന്നു;

(എഫ്) കേരളത്തിലേക്ക് ഏജൻസി നൽകിയത് ആർക്കാണ്?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) പുതിയ റീജനൽ ഏജൻറുമാരെ നിയമിക്കുന്നതിനു വേണ്ടി കൊച്ചുവടപ്രശസ്തിയും, സാമ്പത്തികക്കഴിവും ഉള്ള സ്ഥാപനങ്ങളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചിരുന്നു.

(ബി) ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിൽ നിന്നുമായി ഒട്ടാകെ 88 അപേക്ഷകൾ കിട്ടിയിരുന്നു.

(സി) കമ്മീഷനെ മാത്രം അടിസ്ഥാനപ്പെടുത്തിയല്ല ഏജൻറുമാരെ തിരഞ്ഞെടുത്തിട്ടുള്ളത്. പുതിയ ഏജൻറുമാർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥയനുസരിച്ച് കേരളത്തിൽ ഇരുപത്തിരണ്ടുശതമാനവും, മറ്റു പ്രദേശങ്ങൾക്ക് 25 ശതമാനവുമാണ് കമ്മീഷൻ അനുവദിച്ചിട്ടുള്ളത്. റബ്ബർ ടയറിനും ട്യൂബിനും ഈ കമ്മീഷൻ അനുവദിക്കപ്പെടുകയില്ല.

(ഡി) കേരളത്തിലെ ഏജൻസിക്കുവേണ്ടി 7 അപേക്ഷകൾ ആണ് കിട്ടിയത്.

(ഇ) 30, 29, 22½, 20, 15 എന്നീ നിരക്കുകളിൽ ഓരോ അപേക്ഷയും, 25 ശതമാനത്തിൽ 2 അപേക്ഷയും ഉണ്ടായിരുന്നു.

(എഫ്) കേരളത്തിലെ ഏജൻസി നൽകിയത് തിരുവനന്തപുരത്തുള്ള അസോസിയേറ്റഡ് ഇഞ്ചിനീയറിംഗ് കോർപ്പറേഷനാണ്.

ശ്രീ. തോമസ് ജോൺ: കേരളത്തിലേക്ക് ഏജൻസി നൽകിയവർ കൊടുത്തതിലും കുറഞ്ഞ കൊട്ടേഷൻ ബാംബെയിൽനിന്നു തന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. പി. ഗോപാലൻ: ഏജൻസി കൊടുക്കുന്നതിൽ കമ്മീഷൻ വ്യവസ്ഥ മാത്രമല്ല പരിഗണിക്കുന്നത്. അവരുടെ കഴിവ്, പ്രശസ്തി, അവരുടെ ബാങ്ക് റെഫറൻസ് മുതലായവയെല്ലാം പരിഗണിച്ചുകൊണ്ടാണ് ഗവണ്മെൻറ് ഏജൻസിയെ തിരഞ്ഞെടുക്കുന്നത്. ഇതെല്ലാം നോക്കി ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനു ഗവണ്മെൻറ് ഒരു കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് ഏജൻറുമാരെ തിരഞ്ഞെടുത്തിട്ടുള്ളത്.

ശ്രീ. തോമസ് ജോൺ: ചില പ്രത്യേക പരിഗണനയിൽ ചിലർക്ക് ഏജൻസി കൊടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. പി. ഗോപാലൻ: ഏജൻസി കൊടുത്തതിൽ യാതൊരു അനുകൂല്യവും സഹായവും നൽകീട്ടില്ല. ഇതിലേക്കു നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെൻറ് സ്വീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: മന്ത്രി സ്വീകരിച്ചിട്ടുള്ള എല്ലാ ഉപാധികളും ഉൾക്കൊള്ളുന്നതായ ഏജൻറുമാരുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഗോപാലൻ: മന്ത്രി ഉപാധികളൊന്നും സ്വീകരിച്ചിട്ടില്ല. ഞാൻ ഇപ്പോൾ പറഞ്ഞ എല്ലാ കാര്യങ്ങളും അനുസരിക്കുന്നതായ ഏജൻസികളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്.

ശ്രീ എം. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചതായ കാര്യങ്ങൾ നിറവേറ്റുവാൻ സാധ്യമല്ലാത്ത ആളുകൾ ആയതുകൊണ്ടാണോ, ലോവസ്റ്റ് ക്വട്ടേഷൻ വച്ചവർക്ക് ഏജൻസി കൊടുക്കാതിരുന്നത്.

ശ്രീ. കെ. പി. ഗോപാലൻ: സാമ്പത്തികഭദ്രത, ബാങ്ക് റഫറൻസ്, കച്ചവടത്തിലുള്ള പ്രശസ്തി, അവരുടെ പരിചയം ഇവയെ എല്ലാപ്പറ്റി ആലോചിച്ചിട്ടുണ്ട്. ഈ പരിശോധനയുടെ അടിസ്ഥാനത്തിലാണ് അവർക്ക് ഏജൻസി കൊടുക്കാതിരുന്നിട്ടുള്ളത്.

കേബിൾ ഫാക്ടറി.

* 1329. [8] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സമയം മറുപടി നൽകുമോ:

(എ) തുപ്പുണിത്തുറയിൽ തുടങ്ങാൻ തീരുമാനിച്ചിട്ടുള്ള കേബിൾ ഫാക്ടറിക്കു ഗവണ്മെന്റ് കൊടുക്കാമെന്നു നിശ്ചയിച്ചിട്ടുള്ള 10 ലക്ഷം രൂ. കൊടുത്തു കഴിഞ്ഞുവോ;

(ബി) ടി ഫാക്ടറി തുടങ്ങുന്നതിനു ലൈസൻസു ലഭിച്ചിട്ടുള്ളവരുമായി ഇതു് എന്നു തുടങ്ങാൻ കഴിയുമെന്നു അവസാനമായി ആലോചന നടത്തിയതു് എന്നാണു്;

(സി) അതിന്റെ ഫലമെന്തെന്നു വ്യക്തമാക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) ഇല്ല.

(ബി) കേബിൾ ഫാക്ടറി തുടങ്ങുന്നതിനു ലൈസൻസു് കിട്ടിയിട്ടുള്ള ടോക്കേ എൻറർപ്രൈസസ്, പ്രൈവറ്റ് ലിമിറ്റഡ് പ്രതിനിധികളും, ഗവണ്മെന്റ് പ്രതിനിധികളും ചേർന്നു ഏപ്രിൽ 13-ാംതീയതി ചർച്ച ചെയ്തതിൽ ഗവണ്മെന്റ് 10 ലക്ഷം രൂപായുടെ ഓഹരി എടുക്കാമെന്നു പറഞ്ഞിട്ടുണ്ടു്.

(സി) ആ വിവരം കമ്പനിയെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ പത്തുലക്ഷം രൂപാ കൊടുക്കുവാൻ എന്താണു് ഇപ്പോൾ തടസ്സം?

ശ്രീ. കെ. പി. ഗോപാലൻ: ഗവണ്മെന്റിനു തടസ്സമൊന്നുമില്ല. അവർ കുറച്ചുകൂടി ചെയ്യേണ്ട പണം ശേഖരിക്കുവാനുള്ള മുതലു് അവർക്കുണ്ടു്. 10 ലക്ഷം ഉറപ്പിക പിരിക്കുവാൻ അവരോടു പറഞ്ഞിട്ടുണ്ടു്. ആ തുക അവർ പിരിച്ചുകഴിഞ്ഞാൽ 10 ലക്ഷം രൂപാ ഗവണ്മെന്റ് കൊടുക്കുന്നതാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേബിൾ ഫാക്ടറി സ്ഥാപിക്കുന്നതിനു ആവശ്യമായ സ്ഥലമെടുപ്പു തുടങ്ങിയോ?

ശ്രീ. കെ. പി. ഗോപാലൻ: നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly